**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4119** **17-03-2025 - ൽ മറുപടിയ്ക്ക്**

**ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ പ്രൊമോഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ എത്ര തസ്തികകളാണ് സംസ്ഥാനത്ത് ആകെ ഉള്ളതെന്നും നിലവിൽ എത്ര ഒഴിവുകളുണ്ടെന്നും വകുപ്പ് സംയോജനത്തിലൂടെ ഇതരവകുപ്പുകളിൽ നിന്നും നിയമിച്ച എത്ര പേർ നിലവിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരായി ജോലി ചെയ്യുന്നുണ്ടെന്നും അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് ആകെ 941 ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ തസ്തികകളാണുള്ളത്. നിലവിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ 81 ഒഴിവുകളുണ്ട്. വകുപ്പ് സംയോജനത്തിലൂടെ ഇതര വകുപ്പുകളിൽ നിന്നും നിയമിച്ച ജീവനക്കാരിൽ, നിലവിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി ജോലി ചെയ്യുന്നവരുടെ വിവരങ്ങൾ ശേഖരിച്ചു വരുന്നു. |
| (ബി) | നേരിട്ടുള്ള നിയമനത്തിലൂടെ പ്രവേശിച്ച എത്ര പേരാണ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി/സീനിയർ സൂപ്രണ്ട്/സമാന തസ്തികകളിൽ ജോലി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | നേരിട്ടുള്ള നിയമനത്തിലൂടെ പ്രവേശിച്ച 161 പേർ നിലവിൽ സീനിയർ സൂപ്രണ്ട് / സെക്രട്ടറി LSGI കാറ്റഗറിയിൽ സേവനമനുഷ്ഠിക്കുന്നുണ്ട്. |
| (സി) | ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്കുള്ള നിയമനത്തിന് പബ്ലിക് സർവീസ് കമ്മീഷൻ ഇന്റർവ്യൂ നടത്തി ലിസ്റ്റ് പബ്ലിഷ് ചെയ്യാതിരുന്നിട്ടും 59 ഒഴിവുകൾ നികത്താതെ നേരിട്ടുള്ള നിയമനത്തിനായി ഒഴിച്ചിട്ടിരിക്കുന്നതിന്റെ കാരണമെന്താണെന്ന് വിശദമാക്കാമോ; | (സി) | ഗ്രാമപഞ്ചായത്ത് തസ്തികയിൽ നേരിട്ടും ബൈപ്രൊമോഷൻ മുഖേനയുമായാണ് നിയമനം നടത്തുന്നത്. നേരിട്ടുള്ള 220 നിയമനങ്ങളിൽ 161 പേർ മാത്രമാണ് നിലവിൽ സീനിയർ സെക്രട്ടറി / സെക്രട്ടറി LSGI തസ്തികയിൽ സേവനമനുഷ്ഠിക്കുന്നത്. ഒരു തസ്തികയിലേയ്ക്ക് വ്യത്യസ്ത രീതികളിൽ നിയമനം നടത്തുമ്പോൾ ഓരോ രീതിയിലൂടെയും നിയമനം നടത്തേണ്ട ഒഴിവുകൾ നിശ്ചിത ശതമാനം /അനുപാതത്തിൽ ആയിരിക്കണമെന്നുള്ള KS & SSR 1958-ലെ ചട്ടം 5 നോട്ട് (3) -ലെ വ്യവസ്ഥകൾക്കനുസൃതമായാണ് ഇപ്രകാരമുള്ള 59 ഒഴിവുകൾ നികത്താതെ നേരിട്ടുള്ള നിയമനത്തിനായി ഒഴിച്ചിട്ടിരിക്കുന്നത്. |
| (ഡി) | നിലവിലുള്ള ഒഴിവുകൾ സ്ഥാനക്കയറ്റത്തിലൂടെ നികത്തണമെന്ന് ഏതൊക്കെ സർവീസ് സംഘടനകളാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്നും അതിന്മേൽ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങളും അപേക്ഷയുടെ പകർപ്പ് സഹിതം ലഭ്യമാക്കാമോ; | (ഡി) | സെക്രട്ടറി തസ്തികയിലേയ്ക്കുള്ള ഒഴിവുകൾ സ്ഥാനക്കയറ്റം മുഖേന നികത്തണമെന്ന് ആവശ്യപ്പെട്ട് സ്റ്റേറ്റ് എംപ്ലോയീസ് യൂണിയൻ (SEU) അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രിൻസിപ്പൽ ഡയറക്ടറിൽ നിന്ന് നിവേദനം സംബന്ധിച്ചുള്ള റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | SEU സമർപ്പിച്ച അപേക്ഷയുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ഇ) | പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്തതിനാൽ സെക്രട്ടറി തസ്തിക സ്ഥാനക്കയറ്റത്തിലൂടെ നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (ഇ) | സെക്രട്ടറി തസ്തികയിലേയ്ക്കുള്ള ഒഴിവുകൾ സ്ഥാനക്കയറ്റം മുഖേന നികത്തണമെന്ന് ആവശ്യപ്പെട്ട് സ്റ്റേറ്റ് എംപ്ലോയീസ് യൂണിയൻ (SEU) അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രിൻസിപ്പൽ ഡയറക്ടറിൽ നിന്ന് നിവേദനം സംബന്ധിച്ചുള്ള റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.<br><br>SEU സമർപ്പിച്ച അപേക്ഷയുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (എഫ്) | ഏതെങ്കിലും ഉദ്യോഗസ്ഥന്റെ ഇടപെടൽ ഇക്കാര്യത്തിലുണ്ടെന്ന് ആക്ഷേപം ഉയർന്നിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിച്ച് പഞ്ചായത്ത് സെക്രട്ടറിമാരുടെ പ്രൊമോഷൻ നടപടികൾ വേഗത്തിലാക്കാൻ തുടർനടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എഫ്) | ഏതെങ്കിലും ഉദ്യോഗസ്ഥന്റെ ഇടപെടൽ ഇക്കാര്യത്തിലുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇക്കാര്യത്തിൽ സർവ്വീസ് ചട്ടങ്ങളിലും ആയത് സംബന്ധിച്ച ഉത്തരവുകളിലും നിഷ്കർഷിച്ചിട്ടുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ

STATE EMPLOYEES UNION (SEU)
STATE COMMITTEE
C.H. FOUNDATION, NANDAVANAM P.O., THIRUVANANTHAPURAM

President
SIBI MUHAMMED
9497329591
sibi74@gmail.com

General Secretary
AMIR KODOOR
9447441994
abooumair@gmail.com

Treasurer
NASAR NANGARATH
8547270193
naccir69@gmail.com

www.seukerala.com

Ref.No.02/03/2025 Dated:03/03/2025

സ്വീകർത്താവ്

പ്രിൻസിപ്പൽ സെക്രട്ടറി ,
തദ്ദേശ സ്വയംഭരണ പൊതുവകുപ്പ് ,
ഗവൺമെന്റ് സെക്രട്ടറിയേറ്റ് , തിരുവനന്തപുരം

സർ,

വിഷയം:- പഞ്ചായത്ത് സെക്രട്ടറി തസ്തികകളിലേക്ക് സമയബന്ധിതമായി പ്രൊമോഷൻ ലഭിക്കാത്തത് - സംബന്ധിച്ച്

സൂചന:- 1)

തദ്ദേശ സ്വയംഭരണ വകുപ്പിൽ 2024 ഡിസംബർ മുതൽ 2025 ജനുവരി 31 വരെ ഒഴിഞ്ഞുകിടക്കുന്ന സെക്രട്ടറി തസ്തികകളിലേക്ക് യഥാസമയം ഡിപിസി കൂടി പ്രമോഷൻ നടത്താത്തത് കാരണം പല ഗ്രാമപഞ്ചായത്തുകളുടെയും പ്രവർത്തനം താറുമാറായ അവസ്ഥയിലാണ്. സാമ്പത്തിക വർഷം അവസാനിക്കുന്ന , ഫണ്ടുകൾ പൂർണമായും ചെലവഴിക്കേണ്ട സമയത്ത് സെക്രട്ടറിമാർ ഇല്ലാത്തതു ജനങ്ങൾക്കും മറ്റു ജീവനക്കാർക്കും ഏറെ ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. തദ്ദേശ സ്വയംഭരണ വകുപ്പിൽ 2024 ഡിസംബർ മുതൽ 2025 ജനുവരി 31 വരെ ഒഴിഞ്ഞുകിടക്കുന്ന സെക്രട്ടറി തസ്തികകളിലേക്ക് യഥാസമയം ഡിപിസി കൂടി പ്രമോഷൻ നടത്താത്തത് കാരണം ജീവനക്കാർക്ക് യഥാസമയം കിട്ടേണ്ട സാമ്പത്തിക നേട്ടവും പ്രമോഷനും ഇല്ലാതായിരിക്കുകയാണ്. ഇതുമൂലം നിലവിൽ ജൂനിയർ സൂപ്രണ്ട് /അസിസ്റ്റന്റ് സെക്രട്ടറി തസ്തികയിൽ ഇരിക്കുന്ന ജീവനക്കാർക്ക് യാതൊരു നേട്ടവും ലഭിക്കാതെ ഇതേ തസ്തികയിൽ തന്നെ വിരമിക്കേണ്ടിവരുന്നു.

( അടുത്ത പേജിൽ തുടരും..)

# STATE EMPLOYEES UNION (SEU)

## STATE COMMITTEE

C.H. FOUNDATION, NANDAVANAM P.O., THIRUVANANTHAPURAM

President
SIBI MUHAMMED
9497329591
sibi74@gmail.com

General Secretary
AMIR KODOOR
9447441994
databooumair@gmail.com

Treasurer
NASAR NANGARATH
8547270193
naccir69@gmail.com

www.seukerala.com


( കഴിഞ്ഞ പേജിൽ നിന്ന് തുടർച്ച )

എൽ.എസ്.ജി.ഡി സെക്രട്ടറി തസ്തികയിലേക്ക് നേരിട്ടുള്ള നിയമനത്തിന് ഇന്റർവ്യൂ പോലും കഴിയാത്ത സാഹചര്യത്തിൽ അവർക്ക് വേണ്ടി തസ്തികകൾ ഒഴിച്ചിട്ട് ജീവനക്കാരുടെ അർഹമായ പ്രമോഷൻ ആനുകൂല്യങ്ങൾ തടഞ്ഞ് ജീവനക്കാരുടെ മനോവീര്യം കെടുത്തുന്ന തരത്തിലുള്ള പ്രവണത ഒഴിവാക്കി യഥാസമയം ജീവനക്കാർക്ക് ലഭിക്കേണ്ട അർഹമായ പ്രമോഷൻ ആനുകൂല്യങ്ങൾ യഥാസമയം നൽകേണ്ടതാണ്. 2025ലെ ജനറൽ ട്രാൻസ്ഫറുമായി ബന്ധപ്പെട്ട് നാളിതുവരെ അപേക്ഷ പോലും ക്ഷണിക്കാത്തത് അങ്ങേയറ്റം ജീവനക്കാരോട് കാണിക്കുന്ന അവഗണനയാണ്. പഞ്ചായത്ത് ഇലക്ഷൻ സംജാതമായിരിക്കുന്ന സാഹചര്യത്തിൽ അടിയന്തരമായി ജനറൽ ട്രാൻസ്ഫർ അപേക്ഷ ക്ഷണിച്ച് സമയബന്ധിതമായി കുറ്റമറ്റതായ രീതിയിൽ സ്ഥലംമാറ്റം നടപ്പിലാക്കണമെന്നും ജീവനക്കാർക്ക് അർഹമായ പ്രൊമോഷനും മറ്റു ആനുകൂല്യങ്ങളും അടിയന്തരമായി ലഭ്യമാകാൻ ആവശ്യമായ നടപടികൾ കൈകൊള്ളണമെന്നും അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

സിബി മുഹമ്മദ്
പ്രസിഡണ്ട്

ആമിർകോഡൂർ
ജനറൽസെക്രട്ടറി

സ്റ്റേറ്റ് എംപ്ലോയീസ് യൂണിയൻ സംസ്ഥാന കമ്മിറ്റി

# STATE EMPLOYEES UNION (SEU)
## STATE COMMITTEE
C.H. FOUNDATION, NANDAVANAM P.O., THIRUVANANTHAPURAM

www.seukerala.com

| President | General Secretary | Treasurer |
|---|---|---|
| SIBI MUHAMMED | AMIR KODOOR | NASAR NANGARATH |
| 9497329591 | 9447441994 | 8547270193 |
| sibi74@gmail.com | abooumair@gmail.com | naccir69@gmail.com |


Ref.No.02/03/2025 Dated:03/03/2025

സ്വീകർത്താവ്

പ്രിൻസിപ്പൽ സെക്രട്ടറി ,
തദ്ദേശ സ്വയംഭരണ പൊതുവകുപ്പ് ,
ഗവൺമെന്റ് സെക്രട്ടറിയേറ്റ് , തിരുവനന്തപുരം

സർ,

വിഷയം:- പഞ്ചായത്ത് സെക്രട്ടറി തസ്തികകളിലേക്ക് സമയബന്ധിതമായി പ്രൊമോഷൻ ലഭിക്കാത്തത് - സംബന്ധിച്ച്

സൂചന:- 1)

തദ്ദേശ സ്വയംഭരണ വകുപ്പിൽ 2024 ഡിസംബർ മുതൽ 2025 ജനുവരി 31 വരെ ഒഴിഞ്ഞുകിടക്കുന്ന സെക്രട്ടറി തസ്തികകളിലേക്ക് യഥാസമയം ഡിപിസി കൂടി പ്രമോഷൻ നടത്താത്തത് കാരണം പല ഗ്രാമപഞ്ചായത്തുകളുടെയും പ്രവർത്തനം താറുമാറായ അവസ്ഥയിലാണ്. സാമ്പത്തിക വർഷം അവസാനിക്കുന്ന , ഫണ്ടുകൾ പൂർണമായും ചെലവഴിക്കേണ്ട സമയത്ത് സെക്രട്ടറിമാർ ഇല്ലാത്തതു ജനങ്ങൾക്കും മറ്റു ജീവനക്കാർക്കും ഏറെ ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. തദ്ദേശ സ്വയംഭരണ വകുപ്പിൽ 2024 ഡിസംബർ മുതൽ 2025 ജനുവരി 31 വരെ ഒഴിഞ്ഞുകിടക്കുന്ന സെക്രട്ടറി തസ്തികകളിലേക്ക് യഥാസമയം ഡിപിസി കൂടി പ്രമോഷൻ നടത്താത്തത് കാരണം ജീവനക്കാർക്ക് യഥാസമയം കിട്ടേണ്ട സാമ്പത്തിക നേട്ടവും പ്രമോഷനും ഇല്ലാതായിരിക്കുകയാണ്. ഇതുമൂലം നിലവിൽ ജൂനിയർ സൂപ്രണ്ട് /അസിസ്റ്റന്റ് സെക്രട്ടറി തസ്തികയിൽ ഇരിക്കുന്ന ജീവനക്കാർക്ക് യാതൊരു നേട്ടവും ലഭിക്കാതെ ഇതേ തസ്തികയിൽ തന്നെ വിരമിക്കേണ്ടിവരുന്നു.

( അടുത്ത പേജിൽ തുടരും..)

# STATE EMPLOYEES UNION (SEU)
## STATE COMMITTEE
C.H. FOUNDATION, NANDAVANAM P.O., THIRUVANANTHAPURAM

www.seukerala.com

| President | General Secretary | Treasurer |
| --- | --- | --- |
| SIBI MUHAMMED | AMIR KODOOR | NASAR NANGARATH |
| 9497329591 | 9447441994 | 8547270193 |
| sibi74@gmail.com | aboumair@gmail.com | naccir69@gmail.com |


( കഴിഞ്ഞ പേജിൽ നിന്ന് തുടർച്ച )

എൽ.എസ്.ജി.ഡി സെക്രട്ടറി തസ്തികയിലേക്ക് നേരിട്ടുള്ള നിയമനത്തിന് ഇന്റർവ്യൂ പോലും കഴിയാത്ത സാഹചര്യത്തിൽ അവർക്ക് വേണ്ടി തസ്തികകൾ ഒഴിച്ചിട്ട് ജീവനക്കാരുടെ അർഹമായ പ്രമോഷൻ ആനുകൂല്യങ്ങൾ തടഞ്ഞ് ജീവനക്കാരുടെ മനോവീര്യം കെടുത്തുന്ന തരത്തിലുള്ള പ്രവണത ഒഴിവാക്കി യഥാസമയം ജീവനക്കാർക്ക് ലഭിക്കേണ്ട അർഹമായ പ്രമോഷൻ ആനുകൂല്യങ്ങൾ യഥാസമയം നൽകേണ്ടതാണ്. 2025ലെ ജനറൽ ട്രാൻസ്ഫറുമായി ബന്ധപ്പെട്ട് നാളിതുവരെ അപേക്ഷ പോലും ക്ഷണിക്കാത്തത് അങ്ങേയറ്റം ജീവനക്കാരോട് കാണിക്കുന്ന അവഗണനയാണ്. പഞ്ചായത്ത് ഇലക്ഷൻ സംജാതമായിരിക്കുന്ന സാഹചര്യത്തിൽ അടിയന്തരമായി ജനറൽ ട്രാൻസ്ഫർ അപേക്ഷ ക്ഷണിച്ച് സമയബന്ധിതമായി കുറ്റമറ്റതായ രീതിയിൽ സ്ഥലംമാറ്റം നടപ്പിലാക്കണമെന്നും ജീവനക്കാർക്ക് അർഹമായ പ്രൊമോഷനും മറ്റു ആനുകൂല്യങ്ങളും അടിയന്തരമായി ലഭ്യമാകാൻ ആവശ്യമായ നടപടികൾ കൈകൊള്ളണമെന്നും അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

| | |
| --- | --- |
| സിബി മുഹമ്മദ് | ആമിർകോഡൂർ |
| പ്രസിഡണ്ട് | ജനറൽസെക്രട്ടറി |

സ്റ്റേറ്റ് എംപ്ലോയീസ് യൂണിയൻ സംസ്ഥാന കമ്മിറ്റി